**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5015** **11-08-2021 - ൽ മറുപടിയ്ക്ക്**

**അങ്കണവാടികളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | അങ്കണവാടികൾ ശിശുസൗഹൃദമാക്കുന്നതിനും കുട്ടികളുടെ ബുദ്ധിവികാസവും പേശീവികാസവും ഉറപ്പുവരുത്തുന്നതിനുമായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | അങ്കണവാടികൾ ശിശുസൗഹൃദമാക്കുന്നതിനും കുട്ടികളുടെ പേശീ വികാസം ഉറപ്പുവരുത്തുന്നതിനുമായി ചായം (CHAYAM – Child Friendly Anganwadies Yielded through Adornment and make over) എന്ന പേരിൽ ഒരു പദ്ധതി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം സംസ്ഥാനത്തെ 258 അങ്കണവാടികൾ 2 ലക്ഷം രൂപ നിരക്കിൽ നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | അങ്കണവാടികളുടെ നവീകരണത്തിലൂടെ എന്തെല്ലാം കാര്യങ്ങളാണ് സജ്ജീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | അങ്കണവാടി കെട്ടിടവും പരിസരവും പരിവർത്തനപ്പെടുത്തി അതിനെ പഠന സാമഗ്രിയാക്കി മാറ്റുന്നതിനും ചുമരുകളിൽ ചിത്രങ്ങൾ , ജ്യാമിതീയ രൂപങ്ങൾ, അക്കങ്ങൾ, അക്ഷരങ്ങൾ, എന്നിങ്ങനെ ബൗദ്ധിക വികാസം സാധ്യമാകുന്ന വിധത്തിൽ വർണ്ണ വൈവിദ്ധ്യമാർന്ന ചിത്രങ്ങൾ ആലേഖനം ചെയ്തും കളിയുപകരണങ്ങൾ സ്ഥാപിച്ച് കളിമൂലകൾ സൃഷ്ടിച്ചു കൊണ്ടും കുഞ്ഞുങ്ങളിലെ ചാലക പേശികളുടെ വികാസം ഉറപ്പുവരുത്തുന്നതിനും, സംഗീതം ആസ്വദിക്കുന്നതിനും അവരുടെ കുഞ്ഞു കുഞ്ഞു കഴിവുകൾ കൂട്ടുകാർക്കു മുന്നിൽ പ്രദർശിപ്പിക്കുന്ന തിനുമുള്ള മ്യൂസിക് സിസ്റ്റം സ്ഥാപിക്കൽ, ശിശുസൗഹൃദവും ആകർഷകമായ നിറങ്ങളോടു കൂടിയതുമായ ഫർണിച്ചറുകൾ, ആധുനിക സൗകര്യങ്ങളോടുകൂടിയ അടുക്കള, ശിശുസൗഹൃദ ടോയ്‌ലറ്റ്, വാഷ്ഏര്യ നിർമ്മിക്കൽ, ഔട്ട്ഡോർ കളിയുപകരണങ്ങൾ സ്ഥാപിക്കൽ, ഫലവൃക്ഷ തൈകളുടെ നടീൽ, വെർട്ടിക്കൽ ഗാർഡൻ സ്ഥാപിക്കൽ എന്നിവ സജ്ജീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു. |
| (സി) | ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (സി) | 2022 മാർച്ച് 31 ന് മുമ്പായി പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ